

# കേരള
# പ്രൈവററ് കോളേജ്
# ടീച്ചർ


എ. കെ. പി. സി. ടി. എ. ജേർണൽ

1981 നവംബർ









# എ. കെ. പി. സി. ടി. എ.
# ജില്ലാ സെക്രട്ടറിമാർ


താഴോട്ട്;


1. ടി. ദാമോദരൻ
(പയ്യന്നൂർ കോളേജ്, പയ്യന്നൂർ)
കണ്ണൂർ

2. ടി. കെ. ഗോപാലകൃഷ്ണൻ നായർ
(എൻ. എസ്. എസ്. കോളേജ്, നെൻമാറ)
പാലക്കാട്

3. ടി. വി. ജെയിംസ്
(ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കട)
തൃശൂർ

4. ടി. സി. ഇമ്മാനുവൽ
(സെൻറ് ജോർജ് കോളേജ്, അരുവിത്തുറ).
കോട്ടയം





എം. കെ. ഫരീദ്
(എം. ഇ. എസ്. കോളേജ്
മമ്പാട്) മലപ്പുറം

പി. വി. ചന്ദ്രമോഹൻ
(മലബാർ ക്രിസ്ത്യൻ കോളേജ്)
കോഴിക്കോട്

# കാലിക്കട്ട് യൂണിവേർസിററിയുടെ ധീരമായ തീരുമാനം

ഒക്ടോബർ 17-ന് നടന്ന കാലിക്കട്ട് യൂണിവേഴ്സിററി സിൻഡിക്കേററ് യോഗത്തിൽ, സിൻഡിക്കേററിൻെറ ചരിത്രത്തിലാദ്യമായി വോട്ടെടുപ്പിലൂടെ ഒരു തീരുമാനമെടുക്കേണ്ടിവന്നു. അഫിലിയേഷൻ സംബന്ധിച്ച് യൂണിവേഴ്സിററി നിയമത്തിലും സ്ററാററ്യൂട്ടിലും ഉള്ള ഉദാരവ്യവസ്ഥകൾ പോലും നിരന്തരം ലംഘിക്കുകയും കോളേജ് ജീവനക്കാരുടെ സേവനവ്യവസ്ഥകൾ ക്രമീകരിക്കാനുള്ള യൂണിവേഴ്സിററിയുടെ പരിമിതമായ അധികാരത്തെപ്പോലും തുടരെത്തുടരെ ചോദ്യം ചെയ്യുകയും ചെയ്യുന്ന എൻ. എസ്. എസ്. മാനേജ്മെൻറ് നടത്തുന്ന കോളേജുകൾക്ക് പുതിയ കോഴ്സുകൾക്കുള്ള അഫിലിയേഷൻ കൊടുക്കണമോ എന്നതായിരുന്നു വോട്ടെടുപ്പിനാധാരമായ പ്രശ്നം. അത്തരം കോളേജുകൾക്ക് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനനുകൂലമായി ആറും എതിരായി ആറും വോട്ടുകൾ വന്നപ്പോൾ ഒരു തീരുമാനമെടുക്കുവാൻ അധ്യക്ഷസ്ഥാനത്തിരുന്ന വൈസ് ചാൻസലർക്ക് തൻെറ കാസ്റ്റിംഗ് വോട്ടു പ്രയോഗിക്കേണ്ടിവന്നു. യൂണിവേഴ്സിററി നിയമത്തിൻെറയും സ്ററാററ്യൂട്ടുകളുടേയും കസ്റ്റോഡിയൻ കൂടിയായ അദ്ദേഹം നിലവിലുള്ള നിയമം അനുസരിക്കപ്പെടണം എന്ന വാദത്തിനനുകൂലമായി കാസ്റ്റിംഗ് വോട്ടു പ്രയോഗിച്ചതു് പുരോഗമന ശക്തികളുടെ കരങ്ങൾക്കു ശക്തികൂട്ടുകമാത്രമല്ല ചെയ്തത്; അത് അദ്ദേഹത്തിൻെറയും വൈസ് ചാൻസലർ പദവിയുടെയും മാന്യതയ്ക്ക് മാററുകൂട്ടുകയും ചെയ്തു.

യൂണിവേർസിററി നിയമവും സ്ററാററ്യൂട്ടുകളും വ്യവസ്ഥചെയ്യുന്ന തരത്തിൽ ഗവേണിംഗ് ബോഡികളോ മാനേജിംഗ് കൗൺസിലുകളോ രൂപീകരിക്കുക, സ്ററാഫ് കൗൺസിലുകൾ രൂപീകരിക്കുക, സീനിയോറിററി ലിസ്റ്റ് തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങളാണ്, യൂണിവേർസിററിയുടെ നിരന്തര നിർദ്ദേശ

**കേരള**
**പ്രൈവററ് കോളേജ്**
**ടീച്ചർ**

(അഖില കേരള പ്രൈവററ് കോളേജ് അധ്യാപക സംഘടനയുടെ മുഖപത്രം)

നവമ്പർ 1981 നമ്പർ 32 ഒററപ്രതി 75 പൈസ

വാർഷിക വരിസംഖ്യ 7.50 രൂപ

പത്രാധിപസമിതി :

വി. നാരായണൻ കുട്ടി
ജി. മാധവൻ നായർ
എൻ. ഭാർഗവൻ
എം. ആർ. ചന്ദ്രശേഖരൻ
പി. രവീന്ദ്രനാഥ്
വി. എൻ. മുരളി (ചീഫ് എഡിററർ)

ങ്ങളെ അവഗണിച്ചുകൊണ്ട് ചില മാനേജുമെൻറുകൾ നടപ്പിലാക്കാതിരിക്കുന്നത്. പ്രകടമായി നിയമലംഘനം നടത്തുന്ന ഇത്തരം മാനേജുമെൻറുകളുടെ കോളേജുകൾക്ക് പുതിയ കോഴ്സുകളും ആനുകൂല്യങ്ങളും അനുവദിക്കുന്നതിനെതിരായി എ. കെ. പി. സി. ടി. എ. സെനററംഗങ്ങൾ, സെനററു യോഗങ്ങളിൽ ശക്തിയായ പ്രതിഷേധമുയർത്തിയിരുന്നു. അവരുടെ കൂർത്തുമൂർത്ത ഉപചോദ്യങ്ങളുടെ മുമ്പാകെ സിൻഡിക്കേററിനുവഴങ്ങേണ്ടി വന്നു. നിയമ ഭഞ്ജകരായ മാനേജുമെൻറുകൾക്ക് പുതിയ കോഴ്സുകൾ അനുവദിക്കുകയില്ലെന്ന് ഉറപ്പുനൽകേണ്ടിവരികയും ചെയ്തു.

കഴിഞ്ഞ ഏപ്രിൽമാസത്തിൽ പുതിയ കോഴ്സുകൾ അംഗീകരിക്കുന്ന പ്രശ്നം വന്നപ്പോൾ സിൻറിക്കേററിലുള്ള എ. കെ. പി. സി. ടി. എ. പ്രതിനിധികൾ, നിയമലംഘകർ നടത്തുന്ന കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കരുതെന്ന ശക്തിയായ നിലപാടെടുത്തു. എന്നാൽ തല്ക്കാലം ഗവൺമെൻറിൻെറ പരിഗണനക്കുവയ്ക്കുകയും അംഗീകാരം നൽകുന്നഘട്ടത്തിൽ അവരെക്കൊണ്ട് നിയമവ്യവസ്ഥകൾ അംഗീകരിപ്പിക്കുകയും ആകാമെന്ന നിലപാടാണ് അന്നു സിൻറിക്കേററിലെ ഭൂരിപക്ഷം അംഗങ്ങളും എടുത്തത്. അന്നുതന്നെ നമ്മുടെ സംഘടനാപ്രതിനിധികൾ ഈ തീരുമാനത്തിലുള്ള തങ്ങളുടെ ഭിന്നാഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തു.

ആഗസ്ററ് മാസത്തിൽ നടന്ന സെനററ് യോഗത്തിലും നമ്മുടെ സെനററംഗങ്ങൾ ഈ പ്രശ്നം ഉന്നയിച്ചു. നിയമലംഘകരായ മാനേജുമെൻറുകൾക്ക് കോഴ്സ് ശുപാർശ ചെയ്തതെങ്ങനെയെന്നറിയണമെന്നവർ ആവശ്യപ്പെട്ടു. അന്നു സിൻറിക്കേററിനു വേണ്ടി മറുപടി പറഞ്ഞ ശ്രീ. ശിവദാസമേനോൻ, അത്തരം കോളേജുകൾക്ക് കോഴ്സ് ശുപാർശചെയ്തിട്ടുണ്ടെങ്കിലും അവക്ക് അന്തിമമായ അംഗീകാരം നൽകുന്നതിനു മുമ്പ് അവർ നിയമവ്യവസ്ഥകൾ അനുസരിക്കുന്നുണ്ടെന്നുറപ്പു വരുത്തുമെന്നുപ്രസ്താവിച്ചു. ഇതിനിടെ യൂണിവേഴ്സിററി അധികൃതർ, നിയമവ്യവസ്ഥകളെ അവഗണിക്കുന്ന മാനേജുമെൻറുകളുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾ അംഗീകരിക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. എസ്. എൻ. മാനേജുമെൻറിനെപ്പോലെ കുറേ മാനേജുമെൻറുകൾ യൂണിവേഴ്സിററിയുടെ പ്രേരണക്കുവഴങ്ങി നിയമവ്യവസ്ഥകൾ അംഗീകരിക്കാൻ തയ്യാറായെങ്കിലും എൻ. എസ്. എസ്. മാനേജുമെൻറ് തങ്ങളുടെ പിടിവാശിയിൽ ഉറച്ചു നിന്നു. അങ്ങനെയാണ് എൻ. എസ്. എസ്. കോളേജുകൾക്കുമാത്രം കോഴ്സുകൾ അനുവദിക്കുന്ന പ്രശ്നം ചർച്ചക്കും വോട്ടെടുപ്പിനും വിഷയമായിത്തീർന്നത്.

ഏതാനം മാനേജുമെൻറുകൾക്ക് ഈ നിയമവ്യവസ്ഥകളുടെ കാര്യത്തിൽ സുപ്രീം കോടതിയിൽ നിന്നും സ്റ്റേ കിട്ടിയിട്ടുണ്ടെന്നാണ് എൻ. എസ്. എസ്. മാനേജുമെൻറ് വാദിച്ചത്. എന്നാൽ ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന ചില സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷാവകാശത്തിൻെറ പേരിലാണ് സ്റ്റേ കിട്ടിയിട്ടുള്ളതെന്നതാണ് സത്യം. ന്യൂനപക്ഷ സമുദായത്തിൻെറ പ്രത്യേകാവകാശങ്ങളുടെ മറവിൽ രക്ഷപ്പെടാനുള്ള എൻ. എസ്. എസ്. മാനേജുമെൻറിൻെറ ഹീനതന്ത്രമാണ് ഇവിടെ കാണാൻ കഴിയുന്നത്. ന്യൂനപക്ഷ സ്ഥാപനങ്ങളിൽ നിലനില്ക്കാത്ത നിബന്ധനകൾ ഭൂരിപക്ഷ സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കും ബാധകമാവുകയില്ലെന്ന് ഗവൺമെൻറ് കോടതിയിൽ ഉറപ്പു കൊടുത്തിട്ടുണ്ടെന്നാണ് മാനേജുമെൻറ് കൊണ്ടുവരുന്ന മറെറാരു വാദം. ഈ ഉറപ്പ് 1967-ലെ സർവ്വകലാശാലാനിയമത്തിൻെറ കാര്യത്തിൽ നൽകപ്പെട്ടതാണെന്നും 1974–ലെ നിയമത്തിൻെറ പ്രധാന ലക്ഷ്യം തന്നെ ഈ ഉറപ്പ് ഇല്ലാതാക്കലായിരുന്നുവെന്നും വിശദീകരിക്കപ്പെട്ടതോടെ മാനേജുമെൻറിൻെറ ഈ വാദവും നിൽക്കില്ലെന്നായി. ഈ വകുപ്പുകൾ അനുസരിക്കില്ലെന്നുള്ളത് മാനേജ്മെൻറ് അസോസിയേഷൻെറ തീരുമാനമാണെന്നും പ്രസ്തുത സംഘടനയുടെ നേതാവെന്ന നിലക്ക് എൻ. എസ്. എസ്. മാനേജർക്ക് സംഘടനാ തീരുമാനം ലംഘിച്ചു കൂടെന്നുമാണ് ഒടുവിൽ കേട്ടത്. മാനേജുമെൻറ് സംഘടനയിലെ മിക്ക

(ശേഷം 21—ാം പേജിൽ)

### അപ്രൂവൽ തടസങ്ങൾ മാററുക

### പരീക്ഷാ ജോലിക്ക് ഉടൻ പ്രതിഫലം നൽകുക

---

# കേരള — കാലിക്കട്ട് യൂണിവേഴ്സിററികൾക്കു മുമ്പിൽ ധർണ

നിയമനങ്ങൾക്കും സ്ഥലം മാററങ്ങൾക്കും അംഗീകാരം കൊടുക്കുന്നതിലും, പരീക്ഷാജോലിക്കുള്ള പ്രതിഫലം കൃത്യമായി വിതരണം ചെയ്യുന്നതിലും കേരള–കാലിക്കട്ട് യൂണിവേഴ്സിററികളിലുണ്ടാകുന്ന കാലതാമസത്തിൽ പ്രതിഷേധിച്ച് ഒക്ടോബർ 17–ാം തീയതി ഇരു യൂണിവേഴ്സിററികളുടേയും മുമ്പിൽ എ. കെ. പി. സി. ടി. എ. പ്രവർത്തകർ വമ്പിച്ച കൂട്ട ധർണ്ണ നടത്തി. (അടുത്തപേജ് കാണുക)



കോഴിക്കോട് യൂണിവേർസിററിക്കു മുമ്പിൽ നടന്ന ധർണ

## കേരള യൂണിവേഴ്സിററി



ധർണയ്ക്ക് എ. കെ. ജി. സി. ടി. പ്രതിനിധികളുടെ അഭിവാദ്യം. പ്രൊഫ. ഒ. എൻ. വി. കുറുപ്പ് സംസാരിക്കുന്നു.

പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും പ്രകടനമായെത്തിയാണ് അധ്യാപകർ ധർണ്ണ ആരംഭിച്ചത്. സംഘടനാപ്രസിഡൻറ് പ്രൊഫ. പി. രവീന്ദ്രനാഥ് ധർണ ഉത്ഘാടനം ചെയ്തു. നിയമനങ്ങൾക്കും സ്ഥലം മാററങ്ങൾക്കും അംഗീകാരം നൽകുന്നതിന് നിലവിലിരിക്കുന്ന നിയമങ്ങളും ചട്ടങ്ങളും ലഘൂകരിച്ച് കാലതാമസമൊഴിവാക്കണമെന്ന് പ്രസിഡൻറ് ആവശ്യപ്പെട്ടു. നിയമങ്ങൾ ലംഘിച്ചുകൊണ്ട് അധ്യാപകരെ നിയമിക്കുകയും, സ്ഥലംമാററങ്ങൾ നടത്തുകയും ചെയ്യുന്ന മാനേജരൻമാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കണമെന്നും പ്രസിഡൻറ് പറഞ്ഞു. ധർണയെ അഭിസംബോധനചെയ്ത സിൻഡിക്കേററ് മെമ്പർ പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, മാനേജരൻമാരുടെ അഴിമതികൾ അപ്രൂവൽ തടസത്തിന് പ്രധാനകാരണമാകുന്നുണ്ടെന്നു പറഞ്ഞു.

ധർണക്ക് അഭിവാദ്യമർപ്പിക്കുന്നതിനായി വിവിധ സഹോദര സംഘടനകൾ എത്തിയിരുന്നു. എ. കെ. ജി. സി. ടി., എൽ. ഐ. സി. എംപ്ലോയീസ് യൂണിയൻ, കെ. ജി. ടി. എ., ഏജീസ് ഓഫീസ് എൻ. ജി. ഒ. അസോസിയേഷൻ, യൂണിവേഴ്സിററി എംപ്ളോയീസ് യൂണിയൻ എന്നീസംഘടനകൾ അതിലുൾപ്പെടും. എ. കെ. ജി. സി. ടി. ക്കു വേണ്ടി പ്രൊഫ. ഒ. എൻ. വി. കുറുപ്പും, യൂണിവേഴ്സിററി എംപ്ളോയീസ് യൂണിയനുവേണ്ടി ശ്രീ. പി. വി. കുറുപ്പും ധർണയെ അഭിസംബോധന ചെയ്തു.

ധർണയിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളടങ്ങുന്ന മെമ്മോറാണ്ടം, പ്രൊഫ. പി. രവീന്ദ്രനാഥ്, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ പ്രൊഫ. ആർ. രവീന്ദ്രൻനായർ, ശ്രീ. ഡി. നാരായണൻകുട്ടി എന്നിവർ ചേർന്ന് യൂണിവേർസിററി അധികൃതർക്ക് നൽകി.

ഇരുനൂറിൽപ്പരം അധ്യാപകർ ധർണയിൽ പങ്കെടുത്തു. ധർണവിജയിപ്പിച്ച അധ്യാപകർക്കും, ഇതര സർവ്വീസ് സംഘടനകൾക്കും സെക്രട്ടറി പ്രൊഫ. ആർ രവീന്ദ്രൻ നായർ നന്ദിപറഞ്ഞു.

## കോഴിക്കോട് യൂണിവേഴ്സിററി

കോഴിക്കോട് യൂണിവേർസിററിക്കു മുമ്പിൽ നടന്ന ധർണയിൽ മുന്നൂറിൽപ്പരം അധ്യാപകർ പങ്കെടുത്തു. എ. കെ. പി. സി.ടി എ. വൈസ് പ്രസിഡൻറ് പ്രൊഫ. നന്ദിയോട് രാമചന്ദ്രനാണ് ധർണ ഉത്ഘാടനം ചെയ്തത്. രണ്ടുംമൂന്നും വർഷം ജോലി ചെയ്തു കഴിഞ്ഞാലും ആദ്യത്തെ ഒരു മാസത്തെ ശമ്പളം പോലും വാങ്ങാൻ ഭാഗ്യമില്ലാത്ത നൂറുകണക്കിന് അധ്യാപകർ സ്വകാര്യകോളേജുകളിലുണ്ടെന്ന് വൈസ് പ്രസിഡൻറ് പറഞ്ഞു. യൂണിവേഴ്സിററിയും, ഗവൺമെൻറും നിർദ്ദേശിച്ചിട്ടുള്ള ചില വ്യവസ്ഥകളും, മാനേജുമെൻറുകളുടെ നിരുത്ത

(ശേഷം 19–ാം പേജിൽ)

## ജില്ലാ കേന്ദ്രങ്ങളിലെ ധർണ മാററിവച്ചു.

ഒക്ടോബർ 31-ന്, ഒത്തുതീർപ്പുവ്യവസ്ഥകൾ ഉടൻ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എല്ലാ ജില്ലാകേന്ദ്രങ്ങളിലും സംയുക്ത സമരസമിതി നടത്താൻ നിശ്ചയിച്ചിരുന്ന ധർണ താൽക്കാലികമായി മാററിവച്ചു.

കേരളത്തിൽ ഇപ്പോൾ നിലവിൽ വന്നിരിക്കുന്ന പുതിയ രാഷ്ട്രീയ സാഹചര്യത്തിൽ, കോളേജധ്യാപക പണിമുടക്കു സമരകാലത്ത് ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ. കേരളഗവർണറേയും അഡൈ്വസറേയും ധരിപ്പിക്കാനും അവ വൈകാതെ നടപ്പിലാക്കികിട്ടാൻവേണ്ടി അവർക്ക് നിവേദനം സമർപ്പിക്കാനും സമരസമിതി തീരുമാനിച്ചു.

ഗവർണരും അഡൈ്വസറുമായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ ഭാവിപരിപാടികൾക്ക് രൂപം നൽകാൻ സമരസമിതിയുടെ അടിയന്തിരയോഗം ചർച്ചകൾക്കുശേഷം വിളിച്ചു കൂട്ടാനും തീരുമാനിച്ചിട്ടുണ്ട്

incurred by him during his hospitalisation.

RESOLVED that Prof. K. T. Joy be paid a total sum of Rs. 2,201/13 towards expenditure incurred by him for hospital Charges, taxi charges, etc., on Production of necessary stamped vouchers from the parties concerned for all the items specified in his claim.

.... .... .... .... .... .... .... .... .... ....

**Item No. 51**

**Regularisation of the Period spent for improving the qualifications pursuant to the directions of the University— (English Diploma Course and In-Service Course meant for Lecturers)**

.... .... .... .... .... .... .... .... ....

RESOLVED that the period spent by such under-qualified teachers for acquiring/improving their qualifications as direated by the University, will be recognised for all service benefits.

**... to the approval of appointments of teachers against substantive/ Permanent vacancies-clarification-regarding.**

The Committee has considered the letter No. CI-960/78 dated 28-5-1981 form the Deputy Director of Collegiate Education, Quilon in which he has sought clarification from the University on certain important points. The committee has recommended that the following may be given by way of clarification to the Deputy Director of Collegiate Education, Quilon and that copies of the clarification may be sent to the Deputy Director of Collegiate Education, Central Zone, Tripunithura and the Principals of all Private Colleges for Information and necessary action

"The University started issuing orders giving approvals for appointments-initial

(......contd Page 17)

Toady the teacher is like a convenient and indestructible automation provided by nature to be kicked-about when things gowrong in the acadamic field. The assumption is that the teacher is solely responsible Nobody bothers to consider the forgotten role of the parents in education. In fact, in the welter of confusion and uncertainty that exist to-day in education at all leavels. it has become necessary to bring home to the parents the obvious truth that it is they who should be more interested in the education of their children than teachers or administrators.

the teachers or with other children who are abominable! There is only one good child in the world and every parent has it!

An average Indian parent is at best semi-literate and is weighed down by the problems of every day existence. He/she is a loving parent but is rarely discriminating in that love, solicitous about the needs of the child but rarely possesses a clean sense of priority in meeting those needs. The urban parents are generally well educated and well settled with a different sense of values and priorities.

# PARENTS' ROLE IN EDUCATION

**K. R. Ramachandran Nair**
Professor of English,
Tagore Arts College, Pondicherry.

Two out of every three Indians are illiterates to-day. Even among the literates only a small percentage has assimilated any educational or literacy values so as to make them a part of their everyday family and social life. We are a self-denigrating nation and through centuries we have doveloped a sense of defeat and apathy and a tendency to pass the buck to other convenient hands. This passing the-buck attitdue is at the root of parental irresponsibility widely prevalent in all parts of the country at all levels of society. If your children are not good at school, callous and selfish in their dealings dirty and disorderly in behaviour and generally a nuisance everywhere the fault lies with

They are capable of understanding the importance and utility of good education. However, they often display a posture of innocent surprise and concern if told about the bad performance of their children in and outside the schools and colleges. It is this generation of educated, respectable, middle and upper class parents who exert a refractory pull on any attempt to educate meaningfully the new generation of students.

Perpetually involved with their office, factory and business, during the day and busy with clubs, sports, social calls, entertainments, shop talk and gossip during the first half or more of the night these

parents find hardly any time to be with their children or to lend a helping hand in their learning or character formation. Their contact with their children's school / college and teachers is reduced to the minimum They do not receive any feed back information about their children's performance except through the occasional progress reports dotted with "good/fair" platitudes sent by the institutions. For the majority of parents, the only occasion they visit the institution is during the admission time. The enthusiasm with which every parent accosts everybody connected with the institution at the time of admission evaporates as soon as that hurdle is over and he vanishes into thin air until the next admission season.

This lack of responsibility shown in not following up the child's progress through the years and through the institutions is one of the more important causes of the muddle to-day. Vigilance on the part of the parents would help not only the children to be wary in their activities but also the teachers to be meticulous in their work.

Parental responsibility operates at various levels and spheres. First, it is the home. The child should have a home where the relationships of various members are regulated by the bonds of love, confidence and cooperation. The child assimilates the behaviour pattern, set by the parents imbibes the language postures and manners the parents adopt. Home should inculcate values like love, loyalty, selflessness, sympathy and truth in addition to the behavioural norms of cleanliness and order. Only by assimilatting those values and precepts in conformity with the social culture, a child can develop into a well balanced personaltiy. Even for a social rebel an early schooling in conventional cultural values and modes is a prerequisite.

Every child is a victim of mass media and the craze for new styles of behavour. Weaning the child away from the unwholesome Influence of the mass media is perhaps the most onerous task before the urban parents to-day. However isolating a child from the various channels of mass media would be denying it access to the modern world and ideas. So parents have to create in the children a sense of judicious discrimination in reacting to the impact of the mass media. The child develops this sense of discrimination primarily from the observation on parental reaction to mass media impact. If parents find pleasure in yellow journalism, violent and obscence films and bland T V programmes the children would make such pleasures their creed. The latest in the series of distracting influences on urban children is the competitive sports and games and the sportsmen and players who become heroes overnight. Competitive games and sports have already killed the sportive spirit and substituted it with personal rivalry, jealousy and political intrigues. Educated and normally sensible parents going ecstatic over the gimmicks and gyrations of their favourite screen heroes in the presence of their children or sitting through a five day criket match neglecting their office and family duties do not serve as emulative educational examples to their children. No teacher can repair

(Contd. Page 15)

# എ. കെ. പി. സി. ടി. എ. വാർത്തകൾ

## പാലക്കാട് ജില്ല

### അവകാശദിനാചരണം

എ. കെ. പി. സി. ടി. എ. യുടെ ആഹ്വാനമനുസരിച്ചുള്ള അവകാശദിനാചരണം ജില്ലയിലെ എല്ലാ കോളേജുകളിലും സെപ്ററംബർ 30 ന് വിജയകരമായിനടന്നു. ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കണമെന്നും തടഞ്ഞുവച്ച ശമ്പളം ഉടൻതന്നെ നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള കമ്പിസന്ദേശം മുഖ്യമന്ത്രിയ്ക്കും വിദ്യാഭ്യാസമന്ത്രിയ്ക്കും എല്ലാ കോളേജിൽ നിന്നും അയച്ചു.

### ബ്രാഞ്ചുകൾ സന്ദർശിച്ചു

ജില്ലാകൗൺസിൽ പ്രവർത്തകർ ജില്ലയിലെ വിവിധ കോളേജുകൾ സന്ദർശിച്ച് ബ്രാഞ്ചുകളിലെ പ്രശ്നങ്ങൾ പഠിക്കുകയുണ്ടായി. ആലത്തൂർ എസ്. എൻ. കോളേജിൽ പ്രൊഫ. പി. നരേന്ദ്രൻ, പ്രൊഫ. പി. ഗോപാലകൃഷ്ണപിള്ള എന്നിവരും പാലക്കാട് മേഴ്സി കോളേജിൽ ജില്ലാ സെക്രട്ടറി, പ്രൊഫ. കെ. വിജയശങ്കർ എന്നിവരും, മണ്ണാർകാട് എം. ഇ. എസ്. കോളേജിൽ പ്രൊഫ. കെ. സുകുമാരൻനായർ, ശ്രീ. കെ. എൻ. ദേവദാസ് എന്നിവരും സന്ദർശിച്ചു.

യൂണിവേഴ്സിററികളുടേയും സർക്കാരിൻെറയും നിർദ്ദേശങ്ങൾ മാനിക്കാതെ മാനേജുമെൻറു നടത്തിയ നിയമനങ്ങൾ ആലത്തൂർ കോളേജിൽ പ്രശ്നം സൃഷ്ടിച്ചിട്ടുണ്ട്. പാലക്കാട് മേഴ്സി കോളേജിലും മണ്ണാർകാട് എം. ഇ. എസ്. കോളേജിലും കൃത്യസമയത്തു ശമ്പളം കിട്ടാറില്ല. തത്ത്വദീക്ഷ ഇല്ലാത്തതും ദ്രോഹബുദ്ധിയോടുകൂടിയതുമായ സ്ഥലം മാററങ്ങൾ കൊണ്ടുള്ള ബുദ്ധിമുട്ടുകളാണ് നെന്മാറ–ഒററപ്പാലം കോളേജുകളിലെ പ്രശ്നം. സംഘടിത ശക്തി ആവുന്നത്ര വർദ്ധിപ്പിച്ച് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കേണ്ടിയിരിയ്ക്കുന്നു.

### ദേവസ്വം ബോർഡ് കോളേജ് ടീച്ചേഴ്സ് കോ ഓർഡിനേഷൻ

കോഓർഡിനേഷൻെറ പ്രഥമയോഗം ഒക്ടോബർ 28-ാനു വൈകിട്ട് 5 മണിക്ക് ശാസ്താം കോട്ടയിൽ വച്ചുകൂടി. യോഗത്തിൽ പ്രസിഡൻറ് ശ്രീ പി. ജി. ചന്ദ്രശേഖരൻ നായർ അദ്ധ്യക്ഷം വഹിച്ചു. സംസ്ഥാനപ്രസിഡൻറ് ശ്രീ P. രവീന്ദ്രനാഥ്, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ N M. ജോസഫ്, വൈസ് പ്രസിഡൻറ് ശ്രീ. D നാരായണൻ കുട്ടി എന്നിവർ സന്നിഹിതരായിരുന്നു.

സെക്രട്ടറി ശ്രീ പി. ശബരിനാഥൻനായർ റിപ്പോർട്ടവതരിപ്പിച്ചു. ദേവസ്വം ബോർഡ് കോളേജുകളിൽ സംഘടനാ പ്രവർത്തനം ശക്തമാക്കുന്നതിനെക്കുറിച്ച് ചർച്ച നടന്നു. വെൽഫയർ ട്രസ്ററിൽ കൂടുതൽ അംഗങ്ങളെ ചേർക്കാനും, ജേർണലിന് കൂടുതൽ വരിക്കാരെ ചേർക്കാനും യൂണിററ് സെക്രട്ടറിമാരും പ്രവർത്തകരും പ്രയത്നിക്കണമെന്ന് യോഗം തീരുമാനിച്ചു. ദേവസ്വം ബോർഡ് കോളേജുകളിലെ അംഗസംഖ്യയെ കുറിച്ചും വിലയിരുത്തി.

പ്രവർത്തകസമിതിയിൽ ദേവസ്വം ബോർ

(ശേഷം 21–ാം പേജിൽ)

# പ്രവർത്തക സമിതി—സംസ്ഥാന കമ്മിററി യോഗങ്ങൾ

പ്രവർത്തകസമിതിയോഗം ഒക്ടോബർ 25–ാം തീയതി രാവിലെ 9.30നും സംസ്ഥാന കമ്മിററിയോഗം ഉച്ചകഴിഞ്ഞ് 2 30നം എറണാകുളം ഹോട്ടൽ എമ്പസിയിൽ സംഘടനാ പ്രസിഡൻറ് പ്രൊഫ: പി. രവീന്ദ്രനാഥിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു.

ചേളന്നൂർ എസ്. എൻ. കോളേജിലെ ഇംഗ്ളീഷ് പ്രൊഫസറും, നമ്മുടെ സജീവ പ്രവർത്തകനുമായിരുന്ന പ്രൊഫ: ററി. എം. ദേവസ്യായുടെ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടാണ് സംസ്ഥാന കമ്മററി യോഗം ആരംഭിച്ചത്.

ബഹു: ഗവർണ്ണറേയും ഉപദേഷ്ടാവിനേയും കണ്ട് ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പാക്കണമെന്നാവശ്യപ്പെടുന്നതിനും നമ്മുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനുംവേണ്ടി ഒക്ടോബർ 31–ന് നടത്തുവാൻ തീരുമാനിച്ചിരുന്ന ജില്ലാ ധർണകൾ മാററി വയ്ക്കണമെന്ന് സംയുക്തസമര.സമിതിയോട് അഭ്യർത്ഥിക്കുവാൻ പ്രവർത്തകസമിതി തീരുമാനിച്ചു. (ഉച്ചയ്ക്ക് ചേർന്ന സംയുക്തസമരസമിതി ധർണ മറെറാരു അവസരത്തിലേയ്ക്ക് മാററിവയ്ക്കുകയും ഈ വിവരം സംസ്ഥാനകമ്മററിയിൽ അറിയിക്കുകയും ചെയ്തു.)

കോളേജ് വിദ്യാഭ്യാസ ഡപ്പ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ വളരെയധികം പ്രയാസങ്ങൾ നമുക്ക് അനുഭവപ്പെടുന്നുണ്ട്. അദ്ധ്യാപകർ വ്യക്തിപരമായി ഏതെങ്കിലും വിധത്തിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കാതെ സംഘടനാതലത്തിൽ ശ്രമിക്കണമെന്ന് പ്രവർത്തകസമിതി ആവശ്യപ്പെട്ടു യൂണിററ് സെക്രട്ടറിമാർ ലെയിസൺ ഓഫീസറന്മാരുമായി ബന്ധപ്പെട്ട് ഇതുപോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കണം.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഒരു കോൺഫറൻസ് വിളിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. താമസിയാതെ ചർച്ചയുണ്ടാകും. ചർച്ചയ്ക്ക് സഹായകരമാകുന്നവിധത്തിൽ യൂണിററുകൾ D. D: ഓഫീസുകളിൽ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ജനറൽ സെക്രട്ടറിക്ക് അടിയന്തിരമായി എത്തിച്ചുതരണം

നമ്മുടെ അംഗങ്ങളായിട്ടുള്ള വളരെയധികം അധ്യാപകർ വിദേശ രാജ്യങ്ങളിൽ ജോലി സ്വീകരിച്ച് പോകുന്നുണ്ട്. അങ്ങനെ പോകുന്ന life membership ഇല്ലാത്ത അംഗങ്ങളെക്കൊണ്ട് life membership എടുപ്പിക്കുന്ന കാര്യത്തിൽ ബ്രാഞ്ചു സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കണം.

കേരള—കോഴിക്കോട് സർവകലാശാലാ സമിതികളിലുള്ള നമ്മുടെ അംഗങ്ങളുടെ ഒരു യോഗം താമസിയാതെ വിളിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. സർവകലാശാലാ സമതികളിലെ നമ്മുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾ എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താമെന്ന് പര്യാലോചിക്കുന്നതിനുമാണ് പ്രധാനമായും ഈ യേഗം വിളിക്കുന്നത്.

യൂണി: സമതികളിലെ വളരെയധികം അംഗങ്ങൾ ലെവി കൃത്യമായി അടയ്ക്കാത്തതിൽ പ്രവർത്തകസമിതി—സംസ്ഥാനകമ്മററി യോഗങ്ങൾ അമർഷം രേഖപ്പെടുത്തി.

ഒരു വനിതാ ഫ്രണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ അടുത്ത യോഗത്തിൽ അവതരിപ്പിക്കുന്നതിന് പ്രസിഡൻറിനെ ചുമതലപ്പെടുത്തി.

അന്യായമായ സ്ഥലംമാററങ്ങളിൽ പ്രതിഷേധിച്ചും സ്ഥലം മാററങ്ങൾക്ക് ന്യായമായ മാനദണ്ഡങ്ങൾ ഉണ്ടാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടും N. S. S. Head office–ന് മുൻപിൽ ഒരു ദിവസത്തെ ഉപവാസസത്യാഗ്രഹം നടത്തണമെന്ന N. S. S. Co-ordination Council–ൻെറ നിർദ്ദേശം അംഗീകരിക്കുകയും തീയതി ഇതു സംബന്ധമായി S.N.Co-ordination Council–ൻെറ നിർദ്ദേശങ്ങൾകൂടി ലഭിച്ചിട്ട് നിശ്ചയിച്ചാൽ മതിയെന്ന് തീരുമാനിക്കുകയും ചെയ്തു.

പരീക്ഷാ ജോലികളിൽ ഗുരുതരമായ ക്രമക്കേടുകൾ വരുത്തുന്ന അധ്യാപകരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്ന പ്രമേയം പ്രവർത്തക സമിതിയും സംസ്ഥാനകമ്മററിയും അംഗീകരിച്ചു. തെററുചെയ്യുന്ന ചുരുക്കം ചിലരുടെ പേരിൽ നടപടിയെടുത്ത് അവരെ സമൂഹ മദ്ധ്യത്തിൽ തുറന്നുകാണിക്കാതിരിക്കുന്നതുകൊണ്ട് ആത്മാർഥമായി ജോലി ചെയ്യുന്ന അദ്ധ്യാപകരും അവഹേളനാപാത്രമാകുന്ന ഇന്നത്തെ രീതിയ്ക്ക് മാററമുണ്ടാകണം. പരീക്ഷാ സംബന്ധമായ ക്രമക്കേടുകളെ സംബന്ധിച്ച് വ്യാപകമായ ഒരന്വേഷണം നടത്തണമെന്ന് പ്രമേയം അധികൃതരോട് ആവശ്യപ്പെടുന്നതോടൊപ്പം ഇത്തരം തെററായ പ്രവണതകൾക്ക് കൂട്ടുനിൽക്കുന്ന അദ്ധ്യാപകർക്ക് സംഘടനയിൽ സ്ഥാനമില്ലെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

വളരെയധികം കോളേജുകളും കോഴ്സുകളും അനുവദിക്കുകയും ഷിഫ്ററ് വ്യാപിപ്പിക്കുകയും ചെയ്തതുകൊണ്ട് സമീപ ഭാവിയിൽ ചില കോളേജുകളിൽ ഇന്നു ജോലി ചെയ്തുകൊണ്ടിരിക്കുന്ന ചില അധ്യാപകർക്ക് ജോലി നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്. ഈ പ്രശ്നം മുന്നിൽ കണ്ടുകൊണ്ട് സ്ക്കൂളിലും മററും അനുവദിച്ചിരിക്കുന്നതുപോലെ കോളേജ് അധ്യാപകർക്കും പ്രൊട്ടക്ഷൻ അനുവദിക്കണമെന്ന് ഒരു പ്രമേയംവഴി സംസ്ഥാനകമ്മററി ഗവ: നോട് അഭ്യർഥിച്ചു.


പല യൂണിററുകളിൽനിന്നും ഇനിയും മെമ്പർഷിപ്പുതുക കിട്ടാനുണ്ട്. ചില യൂണിററുകളിലെ മെമ്പർഷിപ്പ് പൂർണ്ണമായിട്ടില്ല. വംബർ മാസത്തിൽതന്നെ തുക പൂർണ്ണമായും അടയ്ക്കണമെന്നു് അഭ്യർഥിക്കുന്നു.

നമ്മുടെ ക്ഷേമനിധിയുടെ പ്രവർത്തനം ഊർജിതപ്പെടുത്തേണ്ടിയിരിക്കുന്നു. വളരെയധികം അംഗങ്ങളുടെ ബെനിഫിററ് കൊടുക്കേണ്ടതുണ്ട്. അതുകൊണ്ട് കഴിയുന്നത്ര കൂടുതൽ അംഗങ്ങളെ ചേർക്കുന്ന കാര്യത്തിൽ പ്രവർത്തകർ ശ്രമിക്കണമെന്ന് അഭ്യർഥിക്കുന്നു. പണം പൂർണ്ണമായി അടച്ച എല്ലാവർക്കും നവം: 30–ാം തീയതിക്കകമായി സർട്ടിഫിക്കേററുകൾ തയ്യാറാക്കി തരുന്നതാണ്. പണമടച്ചിട്ടുള്ള ചിലയാളുകളുടെ പൂർണ്ണമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. ആവശ്യമായ രേഖകൾ ലഭിക്കാതെ സർട്ടിഫിക്കററുകൾ തയ്യാറാക്കുവാൻ സാദ്ധ്യമല്ലല്ലോ. പ്രവേശനഫാറങ്ങൾ അയയ്ക്കുമ്പോൾ സെക്രട്ടറിമാർ ഫാറങ്ങൾ പരിശോധിക്കുകയും ആവശ്യമായ വിവരങ്ങൾ പൂർണ്ണമായിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യണം.

—പ്രൊഫ. എൻ. എം. ജോസഫ്
ജനറൽ സെക്രട്ടറി,
എ. കെ. പി. സി. ടി. എ.

# ആദരാഞ്ജലികൾ


## പ്രൊഫ. പി. കെ. ശരത്കുമാർ



കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിലെ ഇക്കണോമിക്സ് പ്രൊഫസർ പി. കെ. ശരത്കുമാർ ആഗസ്ററ് 16ന് അന്തരിച്ചു. ധനശാസ്ത്രപണ്ഡിതൻ, സാഹിത്യനിരൂപകൻ, ഗ്രന്ഥകാരൻ, പ്രസംഗകൻ എന്നീ നിലകളിലൊക്കെ സ്വന്തം വ്യക്തിത്വം തെളിയിച്ചിരുന്ന പ്രൊഫസർ ശരത്കുമാർ എ. കെ. പി. സി. ടി. എ. യിലെ സജീവാംഗമായിരുന്നു. സംഘടനയുടെ സംസ്ഥാന കമ്മിററി അംഗം, ബ്രാഞ്ചുസെക്രട്ടറി, പ്രസിഡൻറ് എന്നീനിലകളിലൊക്കെ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഡയറക്ട് പേമെൻറ് സമരകാലത്ത് കോഴിക്കോട് ജില്ലാസമരസമിതിയുടെ കൺവീനറായിരുന്നു അദ്ദേഹം. പരേതന് ഭാര്യയും മൂന്നുകുട്ടികളുമുണ്ട്.

രണ്ടു ദശകത്തിലധികം കാലം പ്രശസ്തമായനിലയിൽ അദ്ധ്യാപകജീവിതം നയിച്ച പ്രൊഫ. ശരത്കുമാറിൻെറ വേർപാടിൽ സംഘടനക്കുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

## പ്രൊഫ. ടി. എം. ദേവസ്യ



ചേളന്നൂർ ശ്രീനാരായണാ കോളേജിലെ ഇംഗ്ലീഷ് പ്രൊഫസർ ടി. എം. ദേവസ്യ (41) ഒക്ടോബർ 17ന് നിര്യാതനായി. എ കെ പി. സി. ടി. എ. യുടെ കരുത്തനായ പ്രവർത്തകനായിരുന്നു. പ്രൊഫസർ ദേവസ്യ.

ദേവഗിരി സെൻറ് ജോസഫ് കോളേജിൽ നിന്നും എം. എ. ബിരുദമെടുത്ത ശേഷം അദ്ദേഹം സുൽത്താൻബത്തേരി, നിർമ്മലഗിരി, കണ്ണൂർ ശ്രീനാരായണാകോളേജ് എന്നിവിടങ്ങളിൽ അധ്യാപകനായി ജോലി നോക്കിയിരുന്നു.

സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ സജീവ താൽപര്യം നിലനിർത്തിയിരുന്ന ദേവസ്യയുടെ 'ടി. എസ്. എലിയററ്—കവിയും വിമർശകനും' എന്ന നിരൂപണഗ്രന്ഥം അച്ചടിയിലാണ്.

പരേതന് ഭാര്യയും രണ്ടു കുട്ടികളുമുണ്ട്. അവരുടെ ദുഃഖത്തിൽ എ. കെ. പി. സി. ടി. എ. യും പങ്കുചേരുന്നു.

(Contd. from Page 10)

the damages done by such parents to heeir children.

Another educational task of the parents is the creation of intellectual and aesthetic responses and values. The school can only encourage and enlarge these values and responses. Besides parents should try to create in their children a respect for teachers, learning and the learned; a belief in the intrinsic value of work and service; an attitude against religious and political superstitions and a great regard for honesty and integri.y of character. Rich parents shou'd restrain the tendency to be pompous and snobbish; parents with political or bure-aucratic power should restrain the temptation to be callous, contemptuous and corrupt. Children learn more from the'r parents than from their teachers So the parents should avoid and public condamnation of teachers or the teaching profession in the presence of their children and should not hold up power, pelf and sense gratification as the *summum bonum* of life on this planet.

Yet another educational task before the parents is to train the children in the use of leisure. It is often said that an educated man is one who knows how to spend his leisure profitably Boredom is the result of one's ignorance of the golden values of leisure. Children should be taught to help their parents in household duties, to engage themselves in healthy sports, Intellectual and artistic activities during the week-ends and holidays. Children shoutd be advised moderation in their enthusiasm in sports, merry-making and general larking about.

To-day we are conscious of the decline in parental authority. Several reasons like the dissolution of the joint family system, onslaught of new values, influence of political parties and ideas, change in the economic system etc, are suggested for this. However, a more important factor is the degeneration in the standard of parental behaviuor. Since children are sensitive to parental behaviour and style of living the best w y to reform children is to reform the parents.

(courtesy to the Hindu dt 20-10-81)

---

## എ. കെ. പി. സി. ടി. എ-ദേവസ്വം ബോർഡ് കോളേജ് ടീച്ചേഴ്സ് കോ ഓർഡിനേഷൻ കൗൺസിൽ

ദേവസ്വം ബോർഡ് കോളേജുകളിലെ എ കെ പി. സി. ടി. എ കൗൺസിലറന്മാരുടെ ഒരു യോഗം ഒക്ടോബർ 17ന് തിരുവനന്തപുരത്തു കൂടി ദേവസ്വം ബോർഡ് കോളേജ് ടീച്ചേഴ്സ് കോ ഓർഡിനേഷൻ കൗൺസിൽ രൂപീകരിച്ചു.

**ഭാരവാഹികൾ**

പ്രസിഡൻറ് : ശ്രീ. പി. ജി. ചന്ദ്രശേഖരൻ നായർ (ഡി. ബി. കോളേജ്, തലയോലപ്പറമ്പ്)

സെക്രട്ടറി : ശ്രീ. പി. ശബരീനാഥൻ നായർ (ഡി. ബി. കോളേജ്, പരുമല)

വൈ: പ്രസിഡൻറ് : ശ്രീ. കെ. രാമചന്ദ്രൻ (ഡി. ബി. കോളേജ് പരുമല)

ജോ. സെക്രട്ടറിമാർ : ശ്രീ. ഡി. ദാമോദരൻ നമ്പൂതിരി (ഡി. ബി. കോളേജ്, തലയോലപ്പറമ്പ്)
ശ്രീ. വി. രമേഷ് (ഡി. ബി. കോളേജ്, ശാസ്താംകോട്ട)

ഖജാൻജി : ശ്രീ. എസ്. എസ് ബി. ആർ. പ്രസാദ് (ഡി. ബി. കോളജ്, ശാസ്താംകോട്ട)

# UGC 'no' to A. P. Colleges

The university Grants Commission has refused permission for private colleges in Andhra Pradesh to charge higher fees, than those charged by Government and university-maintained colleges, for post-graduate courses.

The permission was sought by the State Government and while refusing it, the U G C has expressed itself against proliferation of post-graduate courses. The State Government had informed the Commission that it had decided to permit private colleges to start post-graduate courses and one of the conditions for this was that the management should create a corpus fund of Rs. 5 lakhs for courses in humanities and social sciences and of Rs 8 lakhs for science courses to enable this the Government wanted the managements to be allowed to charge higher tution fees—three times the rates prevailing for similar courses in Government and university colleges

The UGC noted that this went against the eariler stand taken by the State Govnerment that it was not in favour of new post-graduate courses being started in prrvate colleges and thai tt wanted only Government and universiry colleges to open new courses

The reasons that prompted the State Government to change its position now are not known.

The UGC is against allowing unregulated expansion of post - graduate facilities. Only a few months ago it had issued guidelines on opening of post-graduate courses.

In the past, P. G. Centres were allowed to be started with the aim of developing them into universities. But following the decision to regulate the growth of universities, the Commission took the view that it should check the starting of post-graduate courses.

The feeling in UGC is the latest proposal of the Andhra Pradesh Government will go against this and encourage proliferation and unregulated expansion of post-graduate courses.

Further allowing higher fees to be charged will amount to a kind of "capitation fee" system, which have been condemned by both the Centre and the State Government.

(......contd from page 8)

appointments and appointments by transfer made against substantive/permanent vacancies without specifying the year for which the approval is given, that is without the suffix "for the year............" only with effect from 12-3-1981 (the date on which the University Syndicate took the decision in question). It may here be pointed out that when the syndicate took the decision, the intention of the Syndicate was to enable the teachers appotined against substantive / permanent/ vacancies to get their salary regularly and without any break. It is true, till 12-3-1981 the University had been issuing approval orders specifying the year for which approval was given even in the case of appointments made against substantive/permanent vacancies. Also the University had been issuing orders after the first academic year of appointment (ending with the 31st of May). approving the continuance in service of the teachers during the next academic year (1st June to 31st May.). However, the Syndicate decision to approve the appointments without specifying the year is applicable also to the appointments made against substantive / permanent vacancies, aporoved prior to 12-3-1981 specifying the year. It is, therefore, clarifiad that the orders issued till 12-3-81 approving the the appointment of the type mentioned specifying the year, can be treated as continuous and that the salary claim in respect of the concerned teacher can be admitted continuously Aslo, the University does not consider it necesssry to issue fresh orders approving the continuance in service of the teachers from 1981-82 in the case of appointments of the kind in question approved. specifying the year, before 12-3-81, though, in respect of certain appointments, on request from the pricipals concerned, orders approving the continuance of the teachers in service from 1981-82 have been issued by the University. The same is true also of intervarsity transfers approved specifying the year. The approvals already issued in respect of such appointments by transfer can also be treated as continous for the purpose of allowing the salars" claims of the concerned teachers"

**Item No. 8**

Private Colleges-Period spent by teacher fellows under the Faculty Improvement Programme of the University Grants Commission - counting of as teaching experience for Purposes of promotion as (Cadre) Professor - regarding

The Commitee has considered the question whether the period spent by teacher fellows under the Faculty improvement Programme of the U. G. C. could be treated as teaching experience for purposes of promotion to (Cadre) Professors Posts and has recommended that the said period may be treated as teaching experience (for the above purposes) as under the Programme the teachers deputed by the Government,are eligible for Such service benefits as are avilable to other teachers.

**Item No. 3**

The Kerala University First Ordinances, 1978-staff pattern for Arts and Science Colleges-Amendment to the Ordinences to Incorporate the Post of Grade II Cadre Professor in the English Department of a Degree College, not teaching English as a main subject-regarding.

The Commitee has recommended that Ordinance 2 (2) (iii) (b) in Chapter XIII of the Keraia University First Ordinances, 1978 may be amended to read as follows:-

"2 (2) (iii) (b) Heads of Department in English in a Degree College "one"

# പ്രൊഫ. പി. കെ. ശ്രീധരൻനായർ സർവ്വീസിൽനിന്ന് വിരമിച്ചു



ശാസ്താംകോട്ട ദേവസ്വംബോർഡ് കോളേജിലെ ഹിസ്ററി പ്രൊഫസ്സർ പി. കെ. ശ്രീധരൻനായർ ഒക്ടോബർ 5 ന് സർവ്വീസിൽ നിന്നും വിരമിച്ചു.

ഇരുപത്തേഴു വർഷമായി വിവിധ കോളേജുകളിൽ പ്രശസ്തമായ സേവനമനുഷ്ഠിച്ച പ്രൊഫസർ ശ്രീധരൻനായർ സംഘടനയുടെ തുടക്കം മുതലേ അതിന്റെ പ്രവർത്തകനായിരുന്നു. 1954-ൽ കൊല്ലത്തുവച്ച് കേരള പ്രൈവററ് കോളേജ് ടീച്ചേർസ് അസോസിയേഷൻ (കെ. പി. സി. ടി. എ) രൂപംകൊണ്ടപ്പോൾ അതിൽ അംഗമായിച്ചേർന്നു. ഈ സംഘടനയാണ് പിന്നീട് എ. കെ. പി. സി. ടി. എ ആയി വളർന്നത്.

ചങ്ങനാശ്ശേരി ഹിന്ദു കോളേജിലാണ് പ്രൊഫ. ശ്രീധരൻ നായർ ആദ്യമായി ജോലിയിൽ പ്രവേശിച്ചത്. അവിടെ മാനേജുമെൻറിന്റെ എതിർപ്പു വകവയ്ക്കാതെ സംഘടനയുടെ യൂണിററ് രൂപീകരിച്ചു. വിവിധ എൻ. എസ്. എസ്. കോളേജുകളിലെ അധ്യാപകരുടെ ഒരു കൺവൻഷൻ 1962-ൽ ആദ്യമായി വിളിച്ചുകൂട്ടുന്നതിലും അദ്ദേഹം പ്രധാനപങ്കുവഹിച്ചു. മാനേജുമെൻറ് ഇതിന്റെ പേരിലൊക്കെ നിരവധിതവണ അദ്ദേഹത്തെ സ്ഥലംമാററി ഉപദ്രവിക്കയുണ്ടായി. ഏതു കോളേജിലേയ്ക്ക് സ്ഥലം മാററിയാലും അവിടൊക്കെ സംഘടനയുടെ യൂണിററുകൾ സ്ഥാപിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഇതിന്റെ പേരിൽ അദ്ദേഹത്തിന് അർഹമായ പ്രൊമോഷൻ നൽകാൻ മാനേജുമെൻറ് തയ്യാറായില്ല.

1968-ൽ നരിയമ്പാറ ദേവസ്വം ബോർഡ് കോളേജിന്റെ പ്രിൻസിപ്പലായി പ്രൊഫസർ ശ്രീധരൻ നായർക്ക് നിയമനം ലഭിച്ചു. നരിയമ്പാറ കോളേജിലെ അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എ. കെ. പി. സി. ടി. എ. നടത്തിയ പ്രവർത്തനങ്ങളെ അദ്ദേഹം സഹായിച്ചു. സംഘടനയിലെ പുതിയ തലമുറയ്ക്ക് ആവേശം പകരുന്ന പ്രവർത്തനശൈലിയാണ് പ്രൊഫസർക്കുണ്ടായിരുന്നത്. 1970-ൽ ആരോഗ്യപരമായ കാരണങ്ങളാൽ അദ്ദേഹം പ്രിൻസിപ്പൽ സ്ഥാനം ഉപേക്ഷിച്ച് ശാസ്താംകോട്ട കോളേജിൽ പ്രൊഫസറായി തുടർന്നു.

ശാസ്താംകോട്ട കോളേജിലെ എ. കെ. പി. സി. ടി. എ. ബ്രാഞ്ച് പ്രൊഫ. ശ്രീധരൻനായർക്ക് ഹൃദ്യമായ യാത്ര അയപ്പു നൽകി. ബ്രാഞ്ചു പ്രസിഡൻറ് ശ്രീ. ഡി. അനിയൻ നമ്പൂതിരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംഘടനയുടെ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. പി. രവീന്ദ്രനാഥ്, ജനറൽ സെക്രട്ടറി പ്രൊഫ. എൻ. എം. ജോസഫ്, വൈസ് പ്രസിഡൻറ് ഡി. നാരായണൻകുട്ടി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. മററു ദേവസ്വംബോർഡു കോളേജുകളെ പ്രതിനിധീകരിച്ച് ശ്രീ. സി. ജി. കർമ്മചന്ദ്രൻ (ഡി. ബി. കോളേജ്, പരുമല) ശ്രീ. പി. ജി. ചന്ദ്രശേഖരൻനായർ (ഡി. ബി. കോളേജ്, തലയോലപ്പറമ്പ്) എന്നിവർ സംസാരിച്ചു. ശാസ്താംകോട്ടകോളേജിലെ പ്രൊഫ. കെ. വിജയൻനായർ, പ്രൊഫസർ പി. കെ. ശ്രീധരൻനായരുടെ വിലപ്പെട്ട സേവനങ്ങളെ പ്രശംസിച്ചു. എംപ്ളോയീസ് യൂണിയന്റെ പ്രതിനിധിയായി ശ്രീ. പി. ചന്ദ്രശേഖരപിള്ള സംസാരിച്ചു.

പ്രൊഫ. പി. കെ. ശ്രീധരൻനായർ ആശംസാപ്രസംഗങ്ങൾക്ക് സമുചിതമായ മറുപടിപറഞ്ഞു. ബ്രാഞ്ചുസെക്രട്ടറി ശ്രീ. എസ്. എസ്. ബി. ആർ. പ്രസാദ് യോഗത്തിൽ പങ്കെടുത്തവർക്ക് നന്ദിപറഞ്ഞു. ○

(6–ാം പേജിന്റെ തുടർച്ച)

രവാദിത്വവും ചേർന്നാണ് ഏതാണ്ട് ഒരു ദുരന്തം പോലുള്ള ഈ സ്ഥിതി ഉളവായിട്ടുള്ളത്. എസ്. എൻ. ട്രസ്റ്റ്, നായർ സർവ്വീസ് സൊസൈററി എന്നീ രണ്ടു കോർപ്പറേററ് മാനേജുമെൻറുകളുടെ കീഴിലുള്ള കോളേജുകളിലാണ് അധ്യാപകർ ഏററവുമധികം കഷ്ടപ്പെടുന്നത്. മററു മാനേജുമെൻറുകളിലെ അധ്യാപകർക്കും ഇതേ പ്രശ്നം തന്നെയുണ്ട്. സത്വരമായ പരിഹാരം ഈ പ്രശ്നത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ജോലിയിൽ ചേർന്നുകഴിഞ്ഞാൽ അടുത്തമാസം മുതൽ ശമ്പളം ലഭിക്കാനുള്ള വ്യവസ്ഥ ഉണ്ടാകണമെന്നും പ്രൊഫ. നന്ദിയോട് രാമചന്ദ്രൻ പറഞ്ഞു. പരീക്ഷാജോലികൾക്കുള്ള പ്രതിഫലം നൽകുന്നതിൽ ഇന്നുള്ള കാലതാമസമൊഴിവാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ധർണയിൽ പങ്കെടുത്ത അധ്യാപകരെ സ്വാഗതം ചെയ്തുകൊണ്ട് എ. കെ. പി. സി. ടി. എ. സെക്രട്ടറി ശ്രീ. എം. കെ. ചിണ്ടൻകുട്ടി സംസാരിച്ചു. അപ്രൂവലിന് ആവശ്യമായ രേഖകൾ നൽകാത്തമാനേജുമെൻറുകൾക്കെതിരേ ശിക്ഷണ നടപടികളെടുക്കണമെന്നും, മാനേജുമെൻറുകൾക്കുനൽകുന്ന ഗ്രാൻറ് തടഞ്ഞു വയ്ക്കണമെന്നും, പുതിയ കോളേജുകളും കോഴ്സുകളും നൽകരുതെന്നും ശ്രീ. ചിണ്ടൻകുട്ടി അധികൃതരോട് ആവശ്യപ്പെട്ടു. അപ്രൂവൽ നൽകാൻ പുതിയ നിയമസംവിധാനം ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

പ്രൊഫ. ആർ. ആർ. സി. നായരും, പ്രൊഫ. വി. നാരായണൻകുട്ടിയും, സിൻഡിക്കേററ് യോഗത്തിൽനിന്നും ഇറങ്ങിവന്ന് ധർണയിൽ പങ്കെടുത്ത അധ്യാപകരെ അഭിസംബോധചെയ്തു. ധർണയ്ക്കാധാരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സിൻഡിക്കേററിനെക്കൊണ്ട് വേണ്ടനടപടികളെടുപ്പിക്കുമെന്ന് അവർ അറിയിച്ചു.

ശ്രീ. എച്ച്. കെ. പിഷാരടി (കെ. പി. ടി. യു.) ഡോ. ഉണ്ണികൃഷ്ണൻ (അസോസിയേഷൻ ഓഫ് യൂണിവേർസിററി ടീച്ചേർസ്) ഡോ. ഗോപിനാഥൻനായർ (കാലിക്കട്ട് യൂണിവേർസിററി ടീച്ചേർസ് അസോസിയേഷൻ) ശ്രീ. ആർ. എസ്. പണിക്കർ (കാലിക്കട്ട് യൂണിവേർസിററി സ്ററാഫ് ഓർഗനൈസേഷൻ) ശ്രീ. ഭാസ്കരൻ (യൂണിവേർസിററി എംപ്ളോയീസ് യൂണിയൻ) ശ്രീ. സുരേഷ്കുറുപ്പ് (എസ്. എഫ്. ഐ) ശ്രീ. നാരായണൻപോററി (എ. കെ. ജി. സി. ടി) എന്നിവർ ധർണക്ക് അഭിവാദ്യമർപ്പിച്ചു.

എ. കെ. പി. സി. ടി. എ. പ്രതിനിധികളായ പ്രൊഫ. എൻ. ഭാർഗവൻ, പ്രൊഫ. നന്ദിയോട് രാമചന്ദ്രൻ, ശ്രീ. എം. കെ. ചിണ്ടൻകുട്ടി എന്നിവർ വൈസ്ചാൻസിലറെ കണ്ടു നിവേദനം നൽകി. പരീക്ഷാജോലിക്കുള്ള പ്രതിഫലം അയക്കുവാൻ തുടങ്ങിയെന്നും; അപ്രൂവൽലഭിക്കാത്ത അധ്യാപകരുടെ അപ്രൂവലുകൾ ഉടൻ നൽകുവാനുള്ള വ്യവസ്ഥകൾ ഉണ്ടാകുമെന്നും വൈസ്ചാൻസ്ലർ എ. കെ. പി. സി. ടി. എ. പ്രതിനിധികൾക്ക് ഉറപ്പുനൽകി.

ധർണ വലിയൊരു വിജയമാക്കാൻ പ്രവർത്തിച്ച എല്ലാ ജില്ലാ ഭാരവാഹികളേയും, യൂണിററ് ഭാരവാഹികളേയും സെക്രട്ടറി ശ്രീ. എം. കെ. ചിണ്ടൻകുട്ടി അഭിനന്ദിച്ചു. ○

---

## 'താപ്പാന'യുടെ പ്രകാശനം

**ചങ്ങനശ്ശേരി ഹിന്ദു കോളേജ് അധ്യാപകനും എ. കെ. പി. സി. ടി. എ. പ്രവർത്തകനുമായ ശ്രീ. വി. ശ്രീകണ്ഠന്റെ ഏററവും പുതിയ നോവലായ 'താപ്പാന'യുടെ പ്രകാശനം പ്രശസ്ത നിരൂപകനായ കൊട്ടപ്പന്ന നിർവ്വഹിച്ചു. ഒക്ടോബർ 12ന് കോട്ടയം കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള ഹാളിൽ നടന്ന ചടങ്ങിൽ ഹാസ്യസാഹിത്യകാരനായ അഡ്വ. എം. എൻ. ഗോവിന്ദൻ നായർ അധ്യക്ഷനായിരുന്നു. പ്രൊഫ. മണ്ണുമ്മൂട്, ജെ. കെ. വി, ഗോപി കൊടുങ്ങല്ലൂർ, ജോസഫ് കുന്നശ്ശേരി എന്നിവർ നോവലിനെ അധികരിച്ചു സംസാരിച്ചു. ശ്രീകണ്ഠന്റെ അഞ്ചാമത്തെ കൃതിയാണ് 'താപ്പാന'.**

# സംയുക്ത സമരസമിതി വാർത്തകൾ

## കണ്ണൂർജില്ല

സംയുക്ത സമരസമിതി കണ്ണൂർജില്ലാ കമ്മിററിയുടെ ഒരു യോഗം ഒക്ടോബർ 18 ന് പയ്യന്നൂർ ദ്വാരകാ ടൂറിസ്ററ് ഹോമിൽ ചേർന്നു. ഡോ. എൻ. വിജയകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സമരത്തിനു ശേഷമുള്ള ഫോളോഅപ് പ്രവർത്തനങ്ങൾ ജില്ലാകൺവീനർ ശ്രീ. എം. കെ. ചിണ്ടൻകുട്ടിയും ജോ. കൺവീനർ ശ്രീ. കെ. ഇബ്രാഹീം കുട്ടിയും വിശദീകരിച്ചു. ഒത്തുതീർപ്പു വ്യവസ്ഥകൾ ഇതുവരെയും നടപ്പിലാക്കാത്തതിൽ യോഗം അമർഷം രേഖപ്പെടുത്തി. സംയുക്ത സമര സമിതി, ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പി ലാക്കി കിട്ടുന്നതിനു വേണ്ടി ആവിഷ്കരി ക്കുന്ന സമരപരിപാടികൾ വിജയിപ്പിക്കാൻ തീരുമാനിച്ചു.

പുതിയ ജില്ലാകൺവീനറായി ശ്രീ. ഇ. ദാമോദരനെയും (എ. കെ. പി. സി. ടി. എ. ജില്ലാസെക്രട്ടറി) ജോയിൻറ് കൺവീനറായി ശ്രീ. എൻ. സുഗതനെയും (എ കെ. ജി. സി. ടി.) യോഗം തിരഞ്ഞെടുത്തു.

ശ്രീ. കെ. പി. ജയരാജൻ (നെഹറുകോളേജ്, കാഞ്ഞങ്ങാട്), ശ്രീ. ഇ. ദാമോദരൻ (പയ്യന്നൂർ കോളേജ്) ശ്രീ. കെ. എം. ഗോവിന്ദൻ (ഗവൺമെൻറ്കോളേജ് കാസർകോഡ്) ശ്രീ. സി. സി. കൃഷ്ണൻ (നിർമ്മലഗിരികോളേജ്). എ. പ്രതാപചന്ദ്രൻ (പി. ആർ. എൻ. എസ്. എസ്. കോളേജ്, മട്ടന്നൂർ) എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## പാലക്കാട്

ഒക്ടോബർ 14ന് സംയുക്തസമരസമിതി യോഗം ചേർന്നു. പ്രൊഫ പി. നരേന്ദ്രൻ അധ്യക്ഷത വഹിച്ചു. സംയുക്ത സമരസമിതി കേന്ദ്രതീരുമാനങ്ങൾ ശ്രീ പി. ജേക്കബ് മാത്യു റിപ്പോർട്ടു ചെയ്തു. ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കി കിട്ടുന്നതിനായി സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന സമരപരിപാടികൾ വിജയിപ്പിക്കാൻ യോഗം തീരുമാനിച്ചു.

സമരസമിതിയുടെ പുതിയ ജില്ലാ കൺവീനറായി പ്രൊഫ. ടി. കെ. ഗോപാലകൃഷ്ണൻനായരെ (എ കെ. പി. സി. ടി. എ. ജില്ലാസെക്രട്ടറി) തെരഞ്ഞെടുത്തു.

## മലപ്പുറം

ജില്ലാസമരസമിതി ഒക്ടോബർ 18ന് കൂടി. ജില്ലാകൺവീനർ പ്രൊഫ. എ. എൻ. ശിവരാമൻനായർ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. വി. നാരായണൻകുട്ടി ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കി കിട്ടുന്നതിനായി നടത്തുന്ന സമരപരിപാടികളുടെ പ്രാധാന്യം വിശദീകരിച്ചു. സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന സമരപരിപാടികൾ വിജയിപ്പിക്കാൻ യോഗം തീരുമാനിച്ചു.

## എ കെ. പി. സി. ടി. എ മലപ്പുറം ജില്ല

എ. കെ. പി. സി. ടി. എ. മലപ്പുറം ജില്ലാ കൗൺസിൽ ഒക്ടോബർ 15ന് കൂടി ജില്ലാ പ്രസിഡൻറ് എം. സി. അലി അധ്യക്ഷത വഹിച്ചു. 17ന് യൂണിവേർസിററിയിൽ നടക്കുന്ന ധർണ വിജയിപ്പിക്കാൻ തീരുമാനിച്ചു. ജില്ലയിൽ എ. കെ. പി. സി. ടി. എ. യുടെ അംഗസംഖ്യ കഴിഞ്ഞ വർഷത്തെക്കാളും വർദ്ധിച്ചതിൽ യോഗം സന്തോഷം രേഖപ്പെടുത്തി. വെൽഫയർട്രസ്ററിൽ കൂടുതൽ അംഗങ്ങളെ ചേർക്കുക, ജേർണൽ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക എന്നീ തീരുമാനങ്ങളും യോഗം കൈക്കൊണ്ടു.

ജില്ലയിലെ എ കെ. പി. സി. ടി. എ. പ്രവർത്തകരെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു പ്രവർത്തക ക്യാമ്പ് നടത്തുവാനുള്ള നിർദ്ദേശം യോഗം അംഗീകരിച്ചു യൂണിവേഴ്സിററി ആക്ട്, കെ. എസ്. ആർ തുടങ്ങിയവയെ ക്കുറിച്ചുള്ള ക്ളാസ്സുകളും എ. കെ. പി. സി. ടി. എ. യുടെ സമരചരിത്രത്തെ സംബന്ധിക്കുന്ന ക്ളാസ്സുകളും ക്യാമ്പിലുണ്ടാകണമെന്നും അംഗങ്ങൾ നിർദ്ദേശിച്ചു. പ്രവർത്തകസമിതിയുടെ അംഗീകാരത്തിനു വിധേയമായി ഈ നിർദ്ദേശം നടപ്പിലാക്കുന്നതാണ്. □

## N. S. S. മാനേജുമെൻറിൻെറ ട്രാൻസ്ഫർ ഡയറി

ഇക്കഴിഞ്ഞ അഞ്ചുമാസത്തിനിടയ്ക്ക് N. S. S. മാനേജുമെൻറ് ഒൻപതു ട്രാൻസ്ഫർ ലിസ്ററുകളിറക്കി. ആഴ്ചയിൽ രണ്ടും മൂന്നും ലിസ്ററുകൾ 'ഹെഡ്ഓഫീസിൽ' നിന്നും ഇറങ്ങുന്നുണ്ട്. ഇതിനിടയ്ക്ക് ലിസ്ററിൽ പെടാത്ത ട്രാൻസ്ഫറുകളും ക്യാൻസലുകളും നടക്കുന്നുമുണ്ട്. അണിയറയിൽ ഇനിയും പല ലിസ്ററുകളും തയ്യാറായിക്കൊണ്ടിരിക്കുന്നത്രേ! സ്ഥലംമാററം നടത്തുന്നതിന് ഉത്തരവാദപ്പെട്ട N. S. S. കോളേജസ് സെൻട്രൽ കമ്മിററി അറിയാതെയാണ് പല ലിസ്ററുകളും പുറത്തു വരുന്നതെന്നും ആക്ഷേപമുണ്ട്. ഇതുവരെ ഇറക്കിയ പ്രധാന ട്രാൻസ്ഫർ ഓർഡറുകളുടെ തീയതികളും മാററപ്പെട്ട അധ്യാപകരുടെ എണ്ണവും താഴെക്കൊടുക്കുന്നു.

| തീയതി | മാററപ്പെട്ട അധ്യാപകരുടെ എണ്ണം |
|---|---|
| 16–5–81 | 115 |
| 17–7–81 | 41 |
| 27–8–81 | 44 |
| 5–9.81 | 2 |
| 19.9.81 | 9 |
| 23–9–81 | 6 |
| 13–10–81 | 3 |
| 16–10–81 | 1 |
| 17.10–81 | 17 |
| ആകെ. | 238 |

(6-ാം പേജിൽ നിന്ന്)

ഡ് കോളജുകൾക്ക് പ്രാതിനിധ്യം ഇല്ലാത്തതിനാൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി. ഇക്കാര്യം അടുത്ത പ്രവർത്തകസമിതിയിൽ പരിഗണിക്കാമെന്ന് കേന്ദ്ര നേതാക്കൾ ഉറപ്പു നൽകി

അദ്ധ്യാപകരെ അലട്ടുന്ന ന്യായമായ പ്രശ്നങ്ങൾ ഉൾക്കൊള്ളിച്ച് അടുത്തു തന്നെ ദേവസ്വം ബോർഡ് അധികാരികൾക്ക് ഒരു മെമ്മോറാണ്ടം നൽകാൻ യോഗം തീരുമാനിച്ചു. മേൽപ്പറഞ്ഞ മെമ്മോറാണ്ടം തയ്യാറാക്കി എത്രയും വേഗം യൂണിററ് സെക്രട്ടറിമാർക്ക് എത്തിക്കാൻ കോ ഓർഡിനേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

കോഓർഡിനേഷൻെറ അടുത്ത യോഗം തലയോലപ്പറമ്പു കോളേജിൽ കൂടുന്നതാണ്.

(4-ാം പേജിൽ നിന്ന്)

അംഗങ്ങളും സംഘടനാതീരുമാനം ലംഘിച്ച് മാനേജിംഗ് കൗൺസിൽ/ഗവേണിംഗ് ബോഡി രൂപീകരിച്ചു കഴിഞ്ഞു. നേതാവുമാത്രം ഉറച്ച നില്ക്കുന്നു!

ഇക്കാര്യത്തിൽ എ. കെ പി. സി. ടി. എ. നിലപാട് സിൻറിക്കേററു യോഗത്തിൽ വ്യക്തമാക്കിക്കൊണ്ട് പ്രൊഫ. ആർ. ആർ. സി. നായർ പ്രസ്താവിച്ചു.

"ഞങ്ങളുടെ സംഘടന എൻ. എസ്. എസ്. കോളേജുകളടക്കമുള്ള എല്ലാ കോളേജുകളുടെയും പരിപൂർണ്ണ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി നിലകൊള്ളുന്നു. പ്രസ്തുത കോളേജുകളുടെ വികസനവും ഞങ്ങളുടെ സംഘടനാംഗങ്ങളുടെ പ്രൊമോഷൻ തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ടുകിടക്കുകയുമാണ്. അതിനെ ഞങ്ങൾക്കെങ്ങിനെ എതിർക്കാൻ കഴിയും ? എന്നാൽ കോളേജുകളുടെ നടത്തിപ്പിനുവേണ്ടി കേരളനിയമസഭ അംഗീകരിച്ച നിയമവും ഗവൺമെൻറും യൂണിവേഴ്സിററിയും നടപ്പിൽ വരുത്തുന്ന ചട്ടങ്ങളും അനുസരിക്കാൻ മാനേജുമെൻറ് തയ്യാറാവുക തന്നെ വേണം. കോളേജുകളുടെ വികസനത്തിനു തടസ്സമായി നില്ക്കുന്നത് ഞങ്ങളോ ഞങ്ങളുടെ സംഘടനയോ അല്ല. നിയമവ്യവസ്ഥകൾ പാലിയ്ക്കുകയില്ലെന്ന മർക്കടമുഷ്ടിപിടിക്കുന്ന മാനേജുമെൻറു തന്നെയാണ്."

□

UNIVERSITY OF KERALA

Trivandrum,
3-11-1981.

No. Ac. F. II-1.2769/81.

From

The Registrar

To

The Managers of All Affiliated Private Colleges.

Sub:– Private Colleges – Seniority list of Teachers– Preparation and submission of – regarding.

Ref:– Item No. 63 (8) of the minutes of the Meeting of the Syndicate held on 15-9-1981.

Sir/Madam,

I write to inform you that the Syndicate at its meeting held on 15-9-81 has decided that the Managements of Private Colleges be directed to prepare the seniority list of teachers on the basis of the seniority rules contained in University Order No. Ac. F. II-1-1366/68 dated 23-2-78 in the revised proforma already forwarded by the University. It was also decided that those managements of private colleges who have not so far finalised the seniority lists be directed to do so immediately and that those who have already prepared and finalised the lists be directed to prepare the lists in the revised form.

I request you to kindly comply with the above decision of the Syndicate.

Yours faithfully,
sd/–
Registrar

---

# University of Kerala

Payment of remuneration to the examiners for the valuation work done by them in connection with the April-May, 1981 Examinations— — Decision of the Syndicate of the University of Kerala to waive the present ceiling on remuneration of Rs 1500/- per session Regarding

The meeting of the Syndicate of the University of Kerala held on 23-10-1981 having considered the recommendation of the special meeting of the standing committee of the syndicate on Examinations held on 8-9-1981 regarding the question of waiving the present ceiling on remuneration, i e., Rs 1500/- per session, decided that the ceiling on remuneration payable to examiners for valuation work be waived and full remuneration payable to the examiners for the valuation work done by them in connection with the April-May 1981 be paid

---

ജേർണൽ മേൽവിലാസം:

**VASANTHAM,**
Kesavadasapurm,
Trivandrum–4.

QUALITY IS OUR MOST IMPORTANT PRODUCT

# McDOWELL & CO. LTD

SHERTALLAY P. O.

ALLEPPEY

KERALA

Phone: 634 (4 lines)

*Other Units :* **HATHIDAH-HYDERABAD-GOA**

*Regd., Office :*

No 3, Second Line Beach

MADRAS-600 001

**kerala private college teacher**

*monthly journal of the all kerala private college teachers' association*

*No. 32* *Rgeistered No: KL|TV|237*

# A K P C T

# WELFARE TRUST

പ്രൈവററ് കോളേജധ്യാപ
കർക്കുള്ള എററവും വലിയ
സുരക്ഷിതത്വ പദ്ധതി

സർവീസിലിരിക്കെ മരണമടയു
ന്നവരുടെ ആശ്രിതർക്ക്
പതിനായിരം രൂപ
ധനസഹായം ലഭിക്കുന്നു.

ജോലി ചെയ്യാൻ
കഴിയാത്തവിധത്തിൽ
രോഗബാധിതരാകുന്നവർക്കും
ധനസഹായം

A K P C T

WELFARE TRUST

*printed and published by prof. v. narayanan kutty, at champaka printers, trivandrum-4*

*chief editor: v, n. murali.*